(സി) ഹജ്ജ് തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നൽകിവരുന്നതെന്നും എന്തെല്ലാം സൗകര്യങ്ങൾ പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹജ്ജ് തീർത്ഥാടകർക്കുള്ള സബ്സിഡി കഴിഞ്ഞവർഷം മുതൽ ഭാഗികമായി നിർത്തൽ ചെയ്തിട്ടുണ്ട്. ഇൻകം ടാക്സ് നൽകുന്നവർക്കും നേരത്തെ ഹജ്ജ് കർമ്മം നിർവ്വഹിച്ചവർക്കും ഹജ്ജ് വേളയിൽ സൗദി അറേബ്യയിൽ ബന്ധുക്കളോടൊപ്പം താമസിക്കുന്നവർക്കുമാണ് കഴിഞ്ഞ വർഷം മുതൽ ഇപ്രകാരം സബ്സിഡി നിർത്തൽ ചെയ്തിട്ടുള്ളത്.

(ബി) എല്ലാ വിഭാഗം ഹാജിമാർക്കും ഹജ്ജ് സബ്സിഡി പുനരാരംഭിക്കുന്നതിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഹജ്ജ് തീർത്ഥാടകർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകിവരുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകൾ കോഴിക്കോട് എയർപോർട്ടിനു സമീപം സംഘടിപ്പിക്കുന്ന ഹജ്ജ് ക്യാമ്പിൽവച്ചുതന്നെ ഹാജിമാരുടെ കസ്റ്റംസ് എമിഗ്രേഷൻ പരിശോധനകൾ നടത്തുകയും ഹാജിമാരുടെ യാത്ര സുഗമമാക്കുവാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുവരുന്നുണ്ട്. കരിപ്പൂർ വിമാനത്താവളത്തിനു സമീപം സ്ഥിരം ക്യാമ്പ് ഒരുക്കുന്നതിനുവേണ്ടി ഹജ്ജ് ഹൗസ് പണിയുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ഹാജിമാർക്ക് മീനായിൽ പരമ്പരാഗത അതിർത്തിക്കുള്ളിൽ താമസിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുവാൻ സൗദി സർക്കാരുമായി ധാരണയിലെത്തിയിട്ടുണ്ട്.

തൊഴിൽ തർക്കങ്ങളും നഷ്ടപ്പെട്ട മനുഷ്യദിവസങ്ങളും

35 [1337] ശ്രീ. എം. മുരളി:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എം. പി. ഗംഗാധരൻ:
,, കെ. എ. ചന്ദ്രൻ:
,, എ. പി. അനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രതിവർഷം എത്ര തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) അവയിൽ എത്രയെണ്ണം ഒത്തുതീർക്കാൻ കഴിഞ്ഞു;

(സി) എത്രയെണ്ണം തൊഴിൽ സമരത്തിൽ കലാശിച്ചു;

(ഡി) ഈ കാലയളവിൽ തൊഴിൽ സമരംമൂലം എത്ര മനുഷ്യദിവസങ്ങൾ നഷ്ടപ്പെട്ടു;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മുൻ ഗവൺമെന്റിന്റെ കാലത്ത് ആദ്യ മൂന്നു വർഷക്കാലം തൊഴിൽ സമരംമൂലം എത്ര മനുഷ്യദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ) 2001 മേയ് മുതൽ ഡിസംബർ വരെ 2538. 2002 ജനുവരി മുതൽ ഡിസംബർ വരെ 3705. 2003 ജനുവരി മുതൽ ഡിസംബർ വരെ 4557. ആകെ 10,800 തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 10,398.

(സി) 48.

(ഡി) 68,45,832 മനുഷ്യദിവസങ്ങൾ നഷ്ടപ്പെട്ടു.

(ഇ) 10,52,134 മനുഷ്യദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ പ്ലാന്റേഷൻ തൊഴിലാളികളും കർഷക തൊഴിലാളികളും

36 [1338] ശ്രീ. എ. പി. അനിൽകുമാർ:
,, കെ. സി. ജോസഫ്:
,, കെ. എ. ചന്ദ്രൻ:
,, എം. മുരളി:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫാക്ടറി തൊഴിലാളികളും പ്ലാന്റേഷൻ തൊഴിലാളികളും കർഷക തൊഴിലാളികളും ഉണ്ട്;

(ബി) അതിൽ ലേ ഓഫ് മൂലമോ തൊഴിൽശാലകളും പ്ലാന്റേഷനും പൂട്ടിയതു മൂലമോ അവിടെ പണിയെടുക്കുന്ന എത്ര തൊഴിലാളികൾക്ക് 2003-2004-ൽ തൊഴിലില്ലാതായിട്ടുണ്ട്;

(സി) അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് 6,28,979 ഫാക്ടറി തൊഴിലാളികളും 4,45,000 പ്ലാന്റേഷൻ തൊഴിലാളികളും കർഷക തൊഴിലാളികളും കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18,46,055 കർഷകത്തൊഴിലാളികളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly